**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **06-10-2025 - ൽ മറുപടിയ്ക്ക്**

**വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയായ വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡ് നിർമ്മാണത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വല്ലാർപാടം - പനമ്പുകാട് - കായലോര റിംഗ് ബണ്ട് റോഡ് പദ്ധതിയ്ക്ക് 10-07-2017 ലെ G.O. (Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 07.03.2023ന് KIIFB എക്സിക്യൂട്ടീവ് ഡയറക്ടർ പദ്ധതി സ്ഥലം സന്ദർശിക്കുകയും, ജലസേചന വകുപ്പ് സാധാരണയായി ഏറ്റെടുക്കുന്ന ഒരു സ്ലൂയിസ് ഗേറ്റിന്റെ നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ, GIDA പോലുള്ള ഏജൻസികൾ വഴിയോ അല്ലെങ്കിൽ ജലസേചന വകുപ്പ് നേരിട്ടോ നടപ്പിലാക്കാമെന്ന് അഭിപ്രായപ്പെടുകയും തുടർന്ന് പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി പദ്ധതി നിർവഹണ ഏജൻസി ആയ KRFBയുടെ നിരീക്ഷണത്തിൽ ജലസേചന വകുപ്പ് നിർവഹിക്കുമെന്ന് 24-11-2023ന് കിഫ്ബി CEOയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.<br><br>നിലവിൽ പദ്ധതിയുടെ DPR ജലസേചന വകുപ്പ് KRFBയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | വല്ലാർപാടം, പനമ്പുകാട് പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം നൽകാനും പ്രവൃത്തി ആരംഭിക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | വല്ലാർപാടം - പനമ്പുകാട് - കായലോര റിംഗ് ബണ്ട് റോഡ് പദ്ധതിയ്ക്ക് 10-07-2017 ലെ G.O. (Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 07.03.2023ന് KIIFB എക്സിക്യൂട്ടീവ് ഡയറക്ടർ പദ്ധതി സ്ഥലം സന്ദർശിക്കുകയും, ജലസേചന വകുപ്പ് സാധാരണയായി ഏറ്റെടുക്കുന്ന ഒരു സ്ലൂയിസ് |

| | | | |
|---|---|---|---|
| | | | ഗേറ്റിന്റെ നിർമ്മാണം പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ, GIDA പോലുള്ള ഏജൻസികൾ വഴിയോ അല്ലെങ്കിൽ ജലസേചന വകുപ്പ് നേരിട്ടൊ നടപ്പിലാക്കാമെന്ന് അഭിപ്രായപ്പെടുകയും തുടർന്ന് പദ്ധതി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി പദ്ധതി നിർവഹണ ഏജൻസി ആയ KRFBയുടെ നിരീക്ഷണത്തിൽ ജലസേചന വകുപ്പ് നിർവഹിക്കുമെന്ന് 24-11-2023ന കിഫ്ബി CEOയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.<br><br>നിലവിൽ പദ്ധതിയുടെ DPR ജലസേചന വകുപ്പ് KRFBയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത DPR കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി കിഫ്ബി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ